**പി. മുജീബുർറഹ്മാൻ**
സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ്

# ചെങ്ങറയിലെ സോളിഡാരിറ്റി



■ ചങ്ങറയിലെ സോളിഡാരിറ്റി മെഡിക്കൽ ക്യാമ്പ്

“**ഏറ്റവും** നല്ല പ്രവർത്തനമാണ് സോളിഡാരിറ്റി ചെങ്ങറയിൽ നടത്തിയത്. ഏറ്റവും കൂടുതൽ ഭക്ഷണപദാർഥങ്ങൾ എത്തിച്ചു തന്നതും ഉപരോധത്തിനെതിരെ ശക്തമായി സമരരംഗത്തുവന്നതും അവരാണ്. അവരുടെ പ്രവർത്തകർക്ക് മർദനമേറ്റു. അവരുടെ വാഹനങ്ങൾക്ക് കേടുപാടുകൾ പറ്റി. ദുഃഖിതരോടുള്ള അവരുടെ താൽപര്യം കണ്ട് സമരഭൂമിയിലുള്ളവർ മാത്രമല്ല സമരഭൂമിക്ക് പുറത്തുള്ളവരും നല്ല അഭിപ്രായങ്ങൾ പറഞ്ഞു. സോളിഡാരിറ്റിയുടെ ഭക്ഷണവിതരണ പരിപാടിയിലൂടെയും ഉപരോധലംഘന സമരത്തിലൂടെയും സോളിഡാരിറ്റിയെ അറിയാത്തവർ

ആരുമില്ലെന്ന അവസ്ഥയുണ്ടായി. എല്ലാവരെക്കാളും നല്ല പ്രവർത്തനമാണ് അവർ കാഴ്ചവെച്ചത്. മറ്റുള്ളവരെല്ലാം പത്രത്തിലൂടെ പ്രതിഷേധിക്കുമ്പോൾ സോളിഡാരിറ്റി രംഗത്തിറങ്ങി പ്രവർത്തിച്ചു കാണിച്ചു. അവരുടെ സമരംകൊണ്ട് എന്തുണ്ടായി എന്നതല്ല അവരാലാവുന്നത് അവർ ചെയ്തു. അതാണ് ഏറ്റവും വലിയ സംഭാവന..... മനുഷ്യസ്നേഹം അവരിൽ നിക്ഷിപ്തമാണെന്ന് അവർ തെളിയിച്ചു കാട്ടി. മനുഷ്യസ്നേഹികളായ കേരളീയ മനസ്സ് ഈ ഒറ്റക്കാരണത്താൽ അവരോടൊപ്പമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം.''

**ളാഹ ഗോപാലൻ**

കഴിഞ്ഞ ദിവസം ചെങ്ങറ സമരം ഒത്തുതീരുമ്പോൾ ഞാൻ തിരുവനന്തപുരത്തുണ്ടായിരുന്നു. തലസ്ഥാനത്തുവെച്ച് ഒത്തുതീർപ്പ് തീരുമാനം പുറത്തുവന്നശേഷം ളാഹ ഗോപാലനെ കണ്ടപ്പോൾ അദ്ദേഹത്തിന് തൊണ്ട ഇടറി, വാക്കുകൾ മുറിഞ്ഞു. സോളിഡാരിറ്റി ഇത്രയുംനാൾ സമരത്തിന് ചെയ്ത സേവനങ്ങളെക്കുറിച്ച ഓർമകൾക്കുമുന്നിൽ ളാഹ ഗോപാലൻ വികാരാധീനനായി. അദ്ദേഹത്തിന്റെ ഒപ്പം എന്നുമുണ്ടാകാറുള്ള സന്തോഷ് എന്ന ചെറുപ്പക്കാരൻ എന്റെ ചുമലിൽ വീണ് പൊട്ടിക്കരഞ്ഞു. ''നിങ്ങൾ ഞങ്ങൾക്ക് ചെയ്തുതന്ന സേവനങ്ങൾ ഞങ്ങൾക്കൊരിക്കലും മറക്കാൻ കഴിയില്ല. വല്ലാത്ത പട്ടിണിയുടെ നാളുകളിലാണ് അരിയുമായി നിങ്ങൾ വന്നത്. അതിന്റെ ഓർമ ഞങ്ങൾക്കെന്നുമുണ്ടായിരിക്കും.''

സോളിഡാരിറ്റിക്ക് വളരെ കുറഞ്ഞ പ്രവർത്തകർ മാത്രമുള്ള പത്തനംതിട്ട ജില്ലയിലെ ഈ സമരത്തിൽ ഏറെ വലുപ്പമുള്ള സംഭാവനകളാണ് സംഘടന അർപ്പിച്ചത്. സമരനായകൻ ളാഹ ഗോപാലൻ സോളിഡാരിറ്റിയുടെ പോലുമല്ലാത്ത ധാരാളം വേദികളിൽ സമരത്തിന് സോളിഡാരിറ്റി നൽകിയ സംഭാവനകളെക്കുറിച്ച് വാചാലനായി സംസാരിക്കാറുണ്ടായിരുന്നു. മുസ്‌ലിം സമൂഹവും ദലിതുകളുമായുള്ള ചരിത്രപരമായ ബന്ധത്തെ അനുസ്മരിക്കാറുമുണ്ടായിരുന്നു.

പത്തനംതിട്ടയിൽ സോളിഡാരിറ്റി സംഘടിപ്പിച്ച യുവജനസംഗമത്തിൽ സലീന പ്രക്കാനത്തിന്റെ നേതൃത്വത്തിൽ കുറേ സമരഭടന്മാർ പങ്കെടുത്തിരുന്നു. ഇടതുപക്ഷം വഞ്ചിച്ചതുപോലെ ഒരു ഘട്ടമെത്തിയാൽ നിങ്ങളും ഞങ്ങളെ വഞ്ചിക്കില്ലെന്നെന്താണുറപ്പ് എന്ന് അവർ ചോദിച്ചിരുന്നു. മറ്റൊരു സമരപ്രവർത്തകൻ വാക്കിനെ തോൽപിക്കുന്ന വികാരം കൊണ്ടാണ് സംസാരിക്കാൻ ശ്രമിച്ചത്. ''നിങ്ങൾക്ക് ചെങ്ങറയിൽ തല്ലുകൊണ്ടു. ഞങ്ങൾക്കത് സഹിക്കാൻ കഴിയില്ല. കാരണം നിങ്ങൾ ഞങ്ങൾക്ക് ഭക്ഷണം തന്നവരാണ്. നിങ്ങളെ ഉപദ്രവിച്ചവരെ ദൈവം ശിക്ഷിക്കാതിരിക്കില്ല.''

സോളിഡാരിറ്റിയോട് പലപ്പോഴും ശക്തമായി വിയോജിക്കാറുള്ള പ്രസിദ്ധ എഴുത്തുകാരി പി. ഗീതയാണ് സമരഭൂമിയിലെ പട്ടിണിയെക്കുറിച്ചും അതിൽ നിങ്ങൾ എന്തെങ്കിലും ചെയ്തുകൊടുക്കണമെന്നും ആദ്യമായി ആവശ്യപ്പെടുന്നത്. കേരളത്തിലങ്ങോളമിങ്ങോളം സോളിഡാരിറ്റി പ്രവർത്തകർ നടത്തിയ ഭക്ഷ്യവിഭവ ശേഖരണം മറക്കാനാവാത്ത ഒരധ്യായമാണ്. അതിലൂടെ ജനങ്ങൾ നൽകിയത് ഭക്ഷണത്തേക്കാൾ സമരപിന്തുണയായിരുന്നു. പിടിയരിയുടെയും വെള്ളരിയുടെയും പഞ്ചസാരയുടെയും മൈദയുടെയും ഭാഷയിൽ അവർ പിന്തുണ രേഖപ്പെടുത്തി. പൊതുജനത്തിനും സമരത്തിനുമിടയിലെ ഏറ്റവും വിശ്വസ്തവും കരുത്താർന്നതുമായ ഏജൻസിയായി സോളിഡാരിറ്റി പ്രവർത്തിച്ചു. സമരസംഘടനയായ സാധുജനവിമോചന സംയുക്തവേദിക്ക് എപ്പോഴും ബന്ധപ്പെടാവുന്ന, വിശ്വസിക്കാവുന്ന സഹോ

ദര സംഘടനയായിരുന്നു സോളിഡാരിറ്റി.

സോളിഡാരിറ്റിയുടെ തന്നെ സഹോദര സംഘടനയായ എത്തിക്കൽ മെഡിക്കൽ ഫോറം സോളിഡാരിറ്റിയുമായി ചേർന്ന് സമരത്തിനർപ്പിച്ച സംഭാവനകളും എടുത്തുപറയേണ്ടവയാണ്. ഉപരോധം ഏറെ രൂക്ഷമായിരുന്ന, സർക്കാറിന്റെയോ മറ്റ് ഏജൻസികളുടെയോ ഒരു വൈദ്യസഹായവും സമരഭൂമിക്കകത്ത് പ്രവേശിക്കാൻ കഴിയാതിരുന്ന ഘട്ടത്തിലാണ് സാമൂഹിക പ്രതിബദ്ധതയുള്ള, വൈദ്യവൃത്തിയെ ആക്റ്റിവിസമാക്കിയ ഈ ഡോക്ടർമാർ ഏറെ സാഹസികമായി സോളിഡാരിറ്റിയുടെ ആദ്യത്തെ മെഡിക്കൽ ക്യാമ്പ് നടത്തുന്നത്. രോഗികളുടെ ഹൃദയമിടിപ്പും നാഡിസ്പന്ദനവും പരിശോധിച്ച് രോഗം നിർണയിച്ച് അവർ നൽകിയ മരുന്നുകൾ അശ്വാസം നൽകിയത് അവരുടെ ശരീരത്തിനു മാത്രമായിരുന്നില്ല.

2008 നവംബർ 1-ന് സോളിഡാരിറ്റി നടത്തിയ ഉപരോധ ലംഘന സമരം സംഘടനയുടെയും സമരത്തിന്റെയും ചരിത്രത്തിലെ ഐതിഹാസികമായ ചുവടാണ്. ഒരേ സമയം അത് ത്യാഗത്തിന്റെയും അച്ചടക്കത്തിന്റെയും വിസ്മയ മാതൃകയായിരുന്നു. എച്ച്.എം.എസ് ഒഴികെയുള്ള മുഴുവൻ തൊഴിലാളി സംഘടനകളും ചെങ്ങറ സമരത്തിനെതിരെ അപഹാസ്യവും ഹിംസാത്മകവുമായ പ്രതിസമരം നടത്തുകയായിരുന്നു. ഏതാണ്ടെല്ലാ പ്രധാന രാഷ്ട്രീയ പാർട്ടികളും ചെങ്ങറ സമരത്തെ ഉപരോധിച്ച് തകർക്കാനാണ് ശ്രമിച്ചത്. കേരളത്തിന്റെ നാനാഭാഗത്തും ചെങ്ങറ സമരത്തിനുവേണ്ടി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയാണ് പ്രവർത്തകർ ഉപരോധ ലംഘനസമരത്തിനെത്തിയത്.

ഉപരോധക്കാർ ഇത് തങ്ങൾക്കെതിരായ കൃത്യമായ സമരനീക്കമായി തിരിച്ചറിയുകയായിരുന്നു. പ്രവർത്തകരെയുമായി വന്ന ഒരുപാട് വാഹനങ്ങൾ അവർ തകർത്തു. പത്തനംതിട്ടയിലേക്കുള്ള പ്രവേശന സ്ഥലങ്ങളിലെല്ലാം ട്രേഡ് യൂനിയൻകാർ സോളിഡാരിറ്റിപ്രവർത്തകരെ തടഞ്ഞു. പോലീസിന്റെ തന്ത്രപരമായ ഇടപെടലും സോളിഡാരിറ്റി പ്രവർത്തകരുടെ സംയമനവും കൊണ്ടാണ് അത് സംഘർഷത്തിൽ ചെന്നവസാനിക്കാതെ പ്രവർത്തകർക്ക് സമരഭൂമിക്കടുത്ത് എത്തിച്ചേരാൻ സാധിച്ചത്.

അഹിംസയാണ് ചെങ്ങറയുടെ ഏറ്റവും വലിയ സമരായുധം. അതിന്റെ ആത്മാവിനോട് അനീതി ചെയ്യാതെ, എന്നാൽ ആരോരുമറിയാത്ത നീക്കമായി കലാശിക്കാതെ സോളിഡാരിറ്റി ഉപരോധ ലംഘന സമരത്തെ ബാലൻസ് ചെയ്തു. അങ്ങനെ സമര ചരിത്രത്തിന് മറക്കാനാവാത്ത ഒരു ഐക്യദാർഢ്യഅനുഭവം സോളിഡാരിറ്റി സൃഷ്ടിച്ചു നൽകുകയായിരുന്നു. ഒരു സമരം മറ്റൊരു സമരത്തിലേക്ക് ആവേശത്തിന്റെ വൈദ്യുതി പ്രവഹിപ്പിച്ച അനുഭവമായിരുന്നു അത്. ഞങ്ങൾക്കുവേണ്ടി തല്ലുകൊള്ളാൻ ഇവിടെ ആയിരങ്ങളുണ്ടെന്ന് അവർക്ക് ബോധ്യമാവുകയായിരുന്നു. ആ ബോധ്യം അവരുടെ ആത്മവിശ്വാസത്തിന് പകർന്നുകൊടുത്ത കരുത്ത് ആയിരം കുതിരശക്തിയുടേതായിരുന്നു. പോലീസിന്റെ നിർദയ മർദനത്തിനു മുന്നിൽ പ്രവർത്തകർ പ്രകടിപ്പിച്ച സഹനവും സ്ഥൈര്യവും നേതൃത്വത്തിന് പ്രവർത്തകരെക്കുറിച്ചുള്ള വിശ്വാസത്തെ ഒറ്റ അനുഭവം കൊണ്ട് ഒരുപാടിരട്ടി വർധിപ്പിക്കുകയായിരുന്നു.

2009 മാർച്ച് 28-ന് കേരളത്തിലെ പതിനേഴു സാംസ്കാരിക പ്രവർത്തകരെ സംഘടിപ്പിച്ച് സോളിഡാരിറ്റി സമരഭൂമി സന്ദർശനവും സാംസ്കാരിക പ്രവർത്തകരുടെ ഒത്തുചേരലും സംഘടിപ്പിച്ചു. ഗീവർഗീസ് മാർ കുറിലോസ് മെത്രോപൊലീത്ത, പി. സുരേന്ദ്രൻ, പി. ഗീത, ബാബുഭരദ്വാജ്, പി.എ പൗരൻ, കെ.കെ കൊച്ച്,

സി.ആർ നീലകണ്ഠൻ, സലിം കുമാർ, പൊക്കുടൻ, ഫാ. എബ്രഹാം ജോസഫ്, വിളയോടി വേണുഗോപാൽ, ഫ്രാൻസിസ് കളത്തിങ്കൽ പി.എ നാസിമുദ്ദീൻ, എം.ബി മനോജ്, ഓടനാവട്ടം വിജയപ്രകാശ്, ജമീൽ അഹ്മദ് എന്നിവർ പ്രസ്തുത കൾച്ചറൽ ഡെലിഗേഷനിൽ പങ്കെടുത്തു. അന്ന് പരിപാടിക്കിടയിൽ സമരഭൂമിയിലേക്കുള്ള ജലവിതരണം ഉപരോധക്കാർ തടഞ്ഞ വാർത്ത വന്നു. പരിപാടിയുടെ ഒടുവിൽ സാംസ്കാരിക പ്രവർത്തകരുടെ നേതൃത്വത്തിൽ ജാഥയായി പത്തനംതിട്ട കലക്ടറേറ്റിലേക്ക് ചെല്ലുകയും പി. ഗീത, പി.എ പൗരൻ, പൊക്കുടൻ, ളാഹ ഗോപാലൻ, സോളിഡാരിറ്റി സംസ്ഥാന നേതാക്കൾ എന്നിവർ കലക്ടറുമായി ചർച്ച നടത്തുകയും പ്രശ്നം ഉടൻ പരിഹരിക്കുമെന്ന് കലക്ടർ അവർക്ക് ഉറപ്പുനൽകുകയും ചെയ്തു.

## ഐക്യദാർഢ്യ പുസ്തകം

"സോളിഡാരിറ്റിയുടെ സാമൂഹിക ഇടപെടലുകളുടെ തീവ്രമായ ഒരു നിമിഷത്തിലാണ് ഈ പുസ്തകത്തിന്റെ പിറവി നടന്നത്. ചെങ്ങറ സമരം ആരംഭിച്ചതു മുതലേ സോളിഡാരിറ്റി അതിനോടൊപ്പമുണ്ടായിരുന്നു. ചെങ്ങറ ഉയർത്തിയ ആശയങ്ങളും സംവാദങ്ങളും സമാഹരിക്കപ്പെടണമെന്ന് സോളിഡാരിറ്റി തീരുമാനിക്കുകയായിരുന്നു. പുസ്തകങ്ങൾ ഒരുപാട് സമരങ്ങൾ സൃഷ്ടിച്ചത് നമുക്കറിയാം. എന്നാൽ സമരങ്ങൾ പുസ്തകങ്ങൾ സൃഷ്ടിക്കുന്ന ചരിത്രത്തിന്റെ തിരിച്ചിടൽ ഇതിലുണ്ട്. നിരക്ഷരർ പോലുമായ ഒരു ജനത ചരിത്രത്തിന്റെ മുന്നിൽ നടക്കുകയാണിവിടെ. അടിസ്ഥാന വർഗത്തിന്റെ ജീവിതം പുസ്തകത്തിനും അക്ഷരത്തിനും വ്യാകരണത്തിനും നാഗരികതക്കും വെളിച്ചമാവുകയാണ്. അവന്റെ/അവളുടെ ആഹ്വാനത്തിനും താക്കീതിനും നാഗരിക മധ്യവർഗം ചെവികൊടുത്തേ തീരൂ. മധ്യവർഗത്തിനും അടിസ്ഥാന വർഗത്തിനുമിടയിലെ സംഭാഷണമാണീ സമരപുസ്തകം. അടിസ്ഥാന വർഗം അവരുടെ ജീവിതംകൊണ്ട്, ദുരിതവും ഇച്ഛയും കൊണ്ട് തീർത്ത ഒരു ജൈവപാഠത്തെ അവരോട് ഐക്യദാർഢ്യപ്പെട്ടുകൊണ്ട് വ്യാഖ്യാനിക്കുകയാണിതിലെ രചനകൾ......

(ചെങ്ങറ ഐക്യദാർഢ്യ പുസ്തകം. പിറവിക്കുറിപ്പ്)

'ചെങ്ങറ നൽകുന്ന രാഷ്ട്രീയ വിദ്യാഭ്യാസം' എന്ന ശീർഷകത്തിൽ പ്രമുഖ എഴുത്തുകാരി സി.എസ് ചന്ദ്രിക എഴുതി. 'അധികാര രാഷ്ട്രീയ പാർട്ടികളും സ്ഥാപനങ്ങളും മാത്രമല്ല പ്രബലമായ മാധ്യമങ്ങളും കഴിഞ്ഞ രണ്ടുവർഷമായി നടന്നുകൊണ്ടിരിക്കുന്ന ഈ ജനകീയ സമരത്തെ അവഗണിക്കുന്നതിലോ അക്രമിക്കുന്നതിലോ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഹാരിസണിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു വലിയ സംയുക്ത സംരംഭം പോലെ സ്ത്രീകൾ ആസൂത്രിതമായി ബലാത്സംഗം ചെയ്യപ്പെട്ടതും ചെറുപ്പക്കാർ അതിക്രൂരമായി മർദിക്കപ്പെട്ടതും മുഖ്യധാരാമാധ്യമങ്ങൾക്കൊരു വാർത്തപോലുമായിരുന്നില്ല. ഭൂമിയും തൊഴിലും വരുമാനവും ഭക്ഷണവും ആരോഗ്യവുമൊക്കെ നിഷേധിക്കപ്പെട്ട ദലിതുകൾക്കും ആദിവാസികൾക്കും നേരെ നടക്കുന്ന അടിച്ചമർത്തലിന്റെ ഏറ്റവും ക്രൂരമായ മുഖമാണ് ഈ വിധത്തിലുള്ള അവഗണന.

എന്നാൽ ചെങ്ങറ സമരത്തിന്റെ പശ്ചാത്തലത്തിൽ സോളിഡാരിറ്റി പ്രസിദ്ധീകരിച്ച ചെങ്ങറ ഐക്യദാർഢ്യ പുസ്തകം ഇന്നേവരെയുള്ള ഈ സമരത്തിന്റെ ശക്തമായ അടയാളപ്പെടുത്തലാണ്. ചെങ്ങറ സമരത്തെ കൂടുതൽ അടുത്തുനിന്നു മനസ്സിലാക്കാൻ അതിന്റെ ആഴവും ഉയരവും ഗ്രഹിക്കാൻ പൊതുസമൂഹത്തെ ഇത് സഹാ

യിക്കും എന്ന പ്രതീക്ഷയോടെയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നത്......

(*മംഗളം* ദിനപത്രം 2009 ജൂലൈ 8).

എസ്.ഐ.ഒ ചെങ്ങറയിൽ നടത്തിയ ഇടപെടലുകളും ഏറെ ശ്രദ്ധേയമായിരുന്നു. 2009 മെയ് 25-ന് ചെങ്ങറയിൽ നടത്തിയ വിദ്യാഭ്യാസ സഹായ വിതരണവും ബോധവൽക്കരണ മാർഗ നിർദേശ പരിപാടിയും ചെങ്ങറ സമരഭൂമി സാക്ഷ്യം വഹിച്ച വേറിട്ട ഒരു പരിപാടിയായിരുന്നു. ഒരു വിദ്യാർഥി പ്രസ്ഥാനത്തിന് എങ്ങനെ ഒരു ജനകീയ സമരത്തിൽ ഇടപെടാമെന്നതിന്റെ മികവും മിഴിവുമുള്ള മാതൃകയാണ് എസ്.ഐ.ഒ ചെങ്ങറയിൽ കാഴ്ചവെച്ചത്.

ഒന്നാം ഭൂപരിഷ്കരണം പരിഹരിച്ചു തീർത്തിട്ടില്ലാത്ത ഭൂപ്രശ്നത്തിന് പരിഹാരം കണ്ടുകൊണ്ടല്ലാതെ കേരളവികസനത്തിന്റെ ബ്ലൂപ്രിന്റ് തയാറാക്കാൻ കഴിയില്ല. ഭൂപ്രശ്നം പരിഹരിക്കപ്പെട്ടു കഴിഞ്ഞ കഥയാണെന്ന ഇടതുപക്ഷവാദത്തിനാണ് ചെങ്ങറ സമരം പരിഹരിക്കാനാവാത്ത പരിക്കേൽപിച്ചിരിക്കുന്നത്. കേരളത്തിലെ ദലിത് ആദിവാസി സമൂഹത്തിന്റെ ഭൂപ്രശ്നത്തോട് നിങ്ങളുടെ നിലപാടെന്ത് എന്ന ചോദ്യത്തിന് ഭരണപ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും എല്ലാ സാമൂഹിക പ്രസ്ഥാനങ്ങളും മറുപടി പറഞ്ഞേ മതിയാവൂ. അത്തരമൊരു അന്തരീക്ഷത്തിന്റെ സൃഷ്ടിയിൽ ചെങ്ങറ സമരം വഹിച്ച പങ്ക് ഒരുപാട് വിസ്തൃതിയുള്ളതാണ്. ഭാവി കേരളത്തെ അല്ലെങ്കിൽ കേരളത്തിന്റെ ഭാവിയെ നിർണായകമായി സ്വാധീനിക്കാൻ പോകുന്ന ദലിത് ജനവിഭാഗത്തിന്റെ ഉയിർത്തെഴുന്നേൽപിന് ചെങ്ങറ നൽകിയ ഗതിവേഗം ചരിത്രത്തിന് രേഖപ്പെടുത്താതിരിക്കാൻ കഴിയില്ല. ചെങ്ങറ സമരത്തിന് ഇസ്ലാമിക പ്രസ്ഥാനം നൽകിയ പിന്തുണ മർദിത ജനവിഭാഗത്തിന്റെ വിമോചനത്തിന് അവരുടെ തന്നെ മുൻകൈയാൽ നടക്കുന്ന പോരാട്ടങ്ങൾക്കുള്ള കലവറയില്ലാത്ത പിന്തുണയാണ്. ദൈവം നിങ്ങളെ ഭൂമിയിൽ സൃഷ്ടിക്കുകയും അതിന്റെ പരിപാലനോത്തരവാദിത്വം നിങ്ങളെ ഏൽപിക്കുകയും ചെയ്തിരിക്കുന്നു' (*ഹൂദ്* 61) എന്ന ദിവ്യപാഠം അഭിസംബോധന ചെയ്യുന്നത് പണക്കാരെയും സവർണസമൂഹങ്ങളെയും മാത്രമല്ല ദൈവത്തിന്റെ സൃഷ്ടികളായ മുഴുവൻ മനുഷ്യരെയുമാണ്. ഈ ദിവ്യപാഠത്തിന്റെ സാക്ഷാത്കാരമാണ് ലോകത്തു നടക്കുന്ന ന്യായമായ മുഴുവൻ ഭൂസമരങ്ങളുടെയും പ്രമേയം. ■